# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIII - JK 92 | 2025 SEPTEMBER 21 | No. 10


## PASTORAL LETTER - 8

# ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേക്ക്

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കേരള സഭയിലെ ആദ്യ സന്ന്യാസിനിയും സ്ത്രീകൾക്കായുള്ള കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ (റ്റി.ഒ.സി.ഡി-സി.റ്റി.സി.) സ്ഥാപികയുമായ ധന്യ മദർ ഏലീശ്വയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനം 2025 നവംബർ 8-ാം തീയതി നടത്തുന്ന സന്തോഷ വാർത്ത നിങ്ങളെ സാമോദം ഞാൻ അറിയിക്കുന്നു. അന്നേ ദിവസം വൈകുന്നേരം 4.30 ന് പരിശുദ്ധ അമ്മയുടെ ദേശീയ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ വച്ച് നടത്തപ്പെടുന്ന സമൂഹ ദിവ്യബലിമധ്യേ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ പ്രതിനിധി മലേഷ്യയിലെ പെനാങ്ങ് രൂപതയുടെ മെത്രാനായ അത്യുന്നത കർദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ് അനുഗൃഹീതമായ ഈ പ്രഖ്യാപനം നടത്തും. ഇന്ത്യയിലെ

വത്തിക്കാൻ സ്ഥാനപതി അഭിവന്ദ്യ ലെയോപോൾദോ ജിറെല്ലി മെത്രാപ്പോലീത്ത, കർദ്ദിനാൾമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വൈദീകർ എന്നിവർ തിരുകർമ്മങ്ങൾക്ക് സഹകാർമ്മികരാകും. നിങ്ങളെ എല്ലാവരേയും ഈ തിരുക്കർമ്മങ്ങളിലേക്ക് ഞാൻ സ്നേഹ പൂർവ്വം സ്വാഗതം ചെയ്യുന്നു. സി.റ്റി.സി. സന്ന്യാസിനീ സമൂഹത്തിനും വരാപ്പുഴ അതിരൂപതയ്ക്കും മാത്രമല്ല കേരളം മുഴുവനും ഇത് ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും അനർഘനിമിഷമാണ്. ഈ അവസരത്തിൽ സി.റ്റി.സി. മദർ ജനറൽ പെരിയ ബഹുമാനപ്പെട്ട മദർ ഷഹീലയ്ക്കും എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ അഭിന്ദനങ്ങൾ നേരുന്നു. ദൈവം നല്കിയ ഈ സവിശേഷമായ ദാനത്തിന് കേരള സഭക്കൊപ്പം നമുക്ക് ഒന്നുചേർന്ന് അവിടുത്തേക്ക് നന്ദിയർപ്പിക്കാം.

വരാപ്പുഴ അതിരൂപതയിലെ പുരാതന ഇടവകകളിൽ ഒന്നായ, ഓച്ചന്തുരുത്ത് കുരിശിങ്കൽ ഇടവകയിൽ വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, തൊമ്മൻ - താണ്ട ദമ്പതികളുടെ എട്ടുമക്ക ളിൽ ആദ്യസന്താനമായാണ് ഏലീശ്വ ജനിച്ചത്. കൂനമ്മാവിലെ വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 21-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുര യിൽ പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം വരെ അനുസരണമുള്ളവനായ ഈശോയുടെ ഒളിക്കപ്പെട്ട ജീവിത ത്തോട് താദാത്മ്യം പ്രാപിച്ച മദർ ഏലീശ്വയെ കർമ്മലീത്തസിദ്ധി ഭാരതസ്ത്രീകൾക്കുവേണ്ടി ആദ്യമായി ഏറ്റുവാങ്ങുവാൻ ദൈവം അനുഗ്രഹിച്ചു. കേരള സഭയുടെ ചരിത്രത്തിൽ സുവർണ്ണ ശോഭ പരത്തിയ മദർ ഏലീശ്വ 1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവിൽ സ്ത്രീകൾക്കായുള്ള കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി) സ്ഥാപിക്കുകയും കേരള സഭയിൽ ആദ്യമായി പെൺകുട്ടികൾക്കായി സ്കൂളും ബോർഡിംഗ് ഭവനവും അനാഥ മന്ദിരവും ആരംഭിക്കുക വഴി സ്ത്രീ ശാക്തീകരണത്തിന് നിശ്ചിത തുടക്കം കുറിക്കുകയും ചെയ്തു. 24 വർഷങ്ങൾക്കുശേഷം 1890 സെപ്റ്റംബർ 17-ാം തീയതി റ്റി.ഒ.സി.ഡി സന്ന്യാസിനീസഭ റീത്തടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ് (സി.റ്റി.സി), കോൺഗ്രിഗേഷൻ ഓഫ് മദർ

ഓഫ് കാർമ്മൽ (സി.എം.സി) എന്നീ രണ്ടു സന്ന്യാസിനീ സഭകൾ രൂപം കൊണ്ടു.

വിഭജനശേഷം 55 ദിവസങ്ങൾ എറണാകുളം സെന്റ് തെരേസാസ് കോൺവെന്റിൽ താമസിച്ചതിനുശേഷം വരാപ്പുഴ അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലിത്തയായിരുന്ന ഇറ്റാലിയൻ കർമ്മലീത്ത മിഷണറി, ആർച്ച്ബിഷപ്പ് ലെയൊനാർദോ മെല്ലാനൊ ഒ.സി.ഡി മദർ ഏലീശ്വയെയും സഹോദരിമാരെയും വരാപ്പുഴയിലേക്ക് ആഘോഷ പൂർവ്വം സ്വീകരിച്ചു. വരാപ്പുഴ സെന്റ് ജോസഫ് കോൺവെന്റിൽ ശ്രേഷ്ഠ, നോവീഷ്യേറ്റ് ഗുരുനാഥ, അനാഥകുട്ടികളുടെ വാത്സല്യമുള്ള അമ്മ, തുടങ്ങി പല തലങ്ങളിലും സേവനം ചെയ്തശേഷം ശ്രേഷ്ഠ യുടെ ഉത്തരവാദിത്വത്തിൽ നിന്നും മെത്രാപ്പോലീത്തയോട് ഒഴിവ് അപേക്ഷിച്ച് ശിഷ്ടകാലം ദിവ്യകാരുണ്യനാഥന്റെ മുൻപിൽ ധ്യാനവും പ്രാർത്ഥനയുമായി ജീവിതം കഴിച്ചു. പരിശുദ്ധ അമ്മയുടെയും ഇശോയുടെയും തിരുനാമം നിരന്തരമായി ഉരുവിട്ടുകൊണ്ട് 1913 ജൂലൈ 18 വെള്ളിയാഴ്ച രാത്രി ഒമ്പതര മണിക്ക് തന്റെ 82-ാം വയസ്സിൽ മലയാളത്തിലെ ആദ്യ കന്യാസ്ത്രീയും സന്യാസസഭയെ ഉരുപ്പെടു ത്തിയവളുമായ പരിശുദ്ധ മറിയത്തിന്റെ ഏലീശ്വാ കർത്താവിൽ നിദ്രപ്രാപിച്ചു.

16-ാം നൂറ്റാണ്ടിൽ "ദൈവം മാത്രം മതി" എന്ന് ആവർത്തിച്ച അമ്മത്രേസ്യയുടെ പ്രബോധനങ്ങളുടെ സത്ത തന്നെയാണ് ഈ മഹാ വിശുദ്ധയുടെ തിരുനാൾ ദിനത്തിൽ ഭൂജാതയായ ഏലീശ്വാമ്മയുടെ പഠനങ്ങളിലും നാം തെളിഞ്ഞു കാണുന്നത്. സമകാലികചരിത്രകാര നായ ബ്ര. ലെയോപോൾഡ് ഒ.സി.ഡി. "പ്രപഞ്ചവിരക്ത, പ്രപഞ്ച പരിത്യാഗിനി" എന്നൊക്കെയാണ് മദർ ഏലീശ്വയെ വിശേഷിപ്പിക്കു ന്നത്. ഈ ഭൂമിയുടേതായ ഒന്നിനും ഏലീശ്വാമ്മയുടെ മനസ്സിൽ ഇടമുണ്ടായിരുന്നില്ല. ക്രിസ്തുവിൽ മറഞ്ഞ് ജീവിച്ച്, ക്രിസ്തുവിന്റെ തിരുഹൃദയമാണ് ഏറ്റവും സുരക്ഷിതമായ സങ്കേതം എന്ന അനുഭവം മദർ ഏലീശ്വ തന്റെ നോട്ട് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രതികൂലമായ സാഹചര്യങ്ങളിലും വിവേകമതിയായിരിക്കാൻ ഏലീശ്വാമ്മയ്ക്കു കഴിഞ്ഞു. ഈ ഭൂമിയുടേതായ എല്ലാം ഉപേക്ഷി

ക്കേണ്ടി വന്നപ്പോഴും ധൈര്യത്തോടെ സ്വർഗീയമായ നിക്ഷേപങ്ങൾ മാത്രം തേടി സന്ന്യാസപന്ഥാവിൽ വ്യക്തതയോടെ നിലയുറപ്പിച്ച ഏലീശ്വാമ്മ സമർപ്പിതർക്ക് ഉത്തമ മാതൃകയായി മാറി. കടന്നുപോകുന്ന എല്ലാറ്റിനോടുമുള്ള സമ്പൂർണമായ വിരക്തിയാണ് ഇതിന് ഏലീശ്വാമ്മയെ ശക്തയാക്കിയത്. സ്വർഗത്തിൽ നിധി കണ്ടെത്തിയ മനുഷ്യനെപ്പോലെ, നല്ല രത്നം കണ്ടെത്തിയ വ്യാപാരിയെപ്പോലെ തനിക്കുണ്ടായിരുന്നതെല്ലാം ത്യജിച്ച് അനശ്വരനിധിയായ ദൈവത്തെ സ്വന്തമാക്കിയ, ദൈവത്തിന്റെ സ്വന്തമായ, ഏലീശ്വാമ്മ പറയുന്നു: "നമ്മുടെ സകല ആഗ്രഹങ്ങളുടെയും ഉറവിടം 'തമ്പുരാൻ' എന്ന മൂന്നക്ഷരങ്ങൾ മാത്രം ആയിരിക്കട്ടെ. മറ്റുള്ളവയെല്ലാം വ്യർഥമാണ്".

ബാല്യം മുതൽ അന്ത്യശ്വാസം വരെ പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയിൽ മുഴുകി ജീവിച്ച്, ദൈവമാതൃഭക്തി മറ്റുള്ളവരിലേക്കും പകരുവാൻ ജീവിതം മുഴുവൻ അദ്ധ്വാനിച്ച പരിശുദ്ധ മറിയത്തിന്റെ ഏലീശ്വാമ്മ, പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിൽ തന്നെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുന്നതിന്റെ പിന്നിലുള്ള ദൈവിക പദ്ധതിയിൽ നമുക്ക് ആനന്ദിക്കാം.

പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ജപമാല മാസം മുഴുവൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും കോൺവെന്റുകളിലും പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ദൈവമാതൃഭക്തയായ ഏലീശ്വാമ്മയെപ്പോലെ നമുക്ക് സാഘോഷമായ ജപമാലയർപ്പണം നടത്താം. കുടുംബങ്ങളിൽ അപ്പനും അമ്മയും മക്കളും ഒരുമിച്ചിരുന്നു ചൊല്ലുന്ന ജപമാലയാണ് കുടുംബജീവിതത്തിന്റെ അടിത്തറ ശക്തമാക്കുന്നത്. മദർ ഏലീശ്വായും കുടുംബങ്ങളുടെ ശാക്തീകരണത്തിനായി പ്രാർത്ഥനാപൂർവ്വം പ്രവർത്തിച്ചിരുന്നവളാണ്. കുടുംബാംഗങ്ങൾ പരസ്പരം മനസ്സിലാക്കുവാനും അന്യോന്യം ബലം നല്കുവാനും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിലുള്ള ജപമാല പ്രാർത്ഥന ഏറെ സഹായകമാണ്. പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ ഒക്ടോബർ 31-ാം തീയതി വെള്ളിയാഴ്ച ഇടവകകളിൽ അഖണ്ഡജപമാല പ്രാർത്ഥനാദിനമായി ആചരിക്കുന്നതിനും ഞാൻ ആഹ്വാനം ചെയ്യുന്നു. അന്നേദിനം

രാവിലെ അഖണ്ഡജപമാല പ്രാർത്ഥന ആരംഭിച്ച് വൈകുന്നേരം സാഘോഷമായി സമാപിക്കുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

മദർ എലീശ്വയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിന്റെ അനുഗ്രഹപൂർണ്ണമായ ദിനത്തിലേക്കു നിങ്ങളെവരെയും ഒരിക്കൽക്കൂടി ഞാൻ സ്വാഗതം ചെയ്യുന്നു. വാഴ്ത്തപ്പെട്ട പദവിയിലേക്കുയർത്തപ്പെടുന്ന ഏലീശ്വാമ്മയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം നിങ്ങളുടെ ഏവരുടെയും ജീവിതത്തിൽ അനുഭവവേദ്യമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുന്ന അനുഗൃഹീതമായ തിരുക്കർമ്മങ്ങളുടെ വിജയത്തിനായി വിപുലമായ ഒരുക്കങ്ങൾ നടത്തുന്നതിന് ഒ.സി.ഡി. മഞ്ഞുമ്മൽ പ്രൊവിൻഷ്യൽ റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി. ചെയർമാനായും, സി.റ്റി.സി. സുപ്പീരിയർ ജനറൽ റവ. മദർ ഷഹീല, അതിരൂപതാ വികാർ ജനറാൾമാരായ റവ. മോൺ. മാത്യു കല്ലിങ്കൽ, റവ. മോൺ. മാത്യു ഇലഞ്ഞിമിറ്റം എന്നിവർ കോ-ചെയർപേഴ്സൺമാരായും, റവ. ഫാ. മാർട്ടിൻ തൈപ്പറമ്പിൽ ജനറൽ കൺവീനറായും വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നമുക്കൊരുമിച്ചു ചേർന്ന് ചരിത്രത്തിന്റെ ഭാഗമായ ഈ മഹത്തായ ചടങ്ങ് അവിസ്മരണീയമാക്കാം.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2025 സെപ്തംബർ 21-ാം തീയതി,

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2025 സെപ്തംബർ 28-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

# CIRCULAR - 22

## 2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം ഡിസംബർ 13, 2025

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ,
സഹോദരീ സഹോദരന്മാരേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

*Spes non confundit* ("പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല") എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലി വർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാകാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർ

ഥ്യങ്ങളോടു മുഖംതിരിഞ്ഞുനില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടു തന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തന വിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാന സ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്ര രെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പി ക്കുന്നു (മത്താ 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടു കളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പി ക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ള വർക്ക് പ്രത്യാശ പകരുന്നതിന് നമ്മുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പി ക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റ ക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹി ക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. "നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര" മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലി സമാപനസമ്മേളനം**

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽനിന്നും സന്യാസ സമൂഹങ്ങളിൽനിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെ തുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദിക വിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹ ദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലിസമ്മേളനത്തിന്റെ

കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്ന താണ്.

സന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവക കളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണ താരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

---

N.B.: **ഈ സർക്കുലർ 2025 ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

Prot. No 545/2025

## DECREE

In the Jubilee Year 2025 of the Incarnation of Our Lord Jesus Christ, on the 7th Day of the Month of September, the day of Canonization of St. Carlo Acutis by His Holiness Pope Leo XIV, I, Joseph Kalathiparambil, the Metropolitan Archbishop of Verapoly, Blessed and erected the First Church in the World dedicated to St. Carlo Acutis, the Saint of this Millennium who is praised as God's Influencer, at Pallikkara, Kakkanad in the Archdiocese of Verapoly.

Given on the Day of the Canonization of St. Carlo Acutis on 7th September 2025.

Chancellor

✠ Joseph Kalathiparambil
*Archbishop of Verapoly*

DICASTERIUM DE CULTU DIVINO
ET DISCIPLINA SACRAMENTORUM

Prot. N. 215/25

**INDIÆ**

Sanctum Lazarum Devasahayam, qui testimonium catholicæ fidei usque ad supremum vitæ donum perhibuit, in lucem ponens ingenium apostolatus laicorum in Ecclesia atque vim amoris erga Dominum Iesum, clerus et christifideles Indiæ peculiari necnon assiduo cultu prosequuntur.

Inde Eminentissimus Dominus Philippus Neri Card. Ferrão, Archiepiscopus Goanus et Damanensis atque Conferentiæ Episcoporum Indiæ Præses, communia excipiens vota, etiam auctoritatis civilis, electionem sancti Lazari Devasahayam in Patronum apud Deum laicorum Indiæ rite approbavit. Idem vero, litteris die 5 mensis martii 2025 datis, enixe rogavit ut huisusmodi electio et approbatio, iuxta Normas de Patronis constituendis, confirmatentur.

Dicasterium porro de Cultu Divino et Disciplina Sacramentorum, vigore facultatum sibi a Summo Pontifice LEONE XIV tributarum, attentis expositis, cum electionem et approbationem ad iuris præscriptum peractas esse constet, precibus annuit atque

SANCTUM LAZARUM DEVASAHAYAM
PATRONUM APUD DEUM
LAICORUM INDIÆ

confirmat, omnibus cum iuribus et liturgicis privilegis iuxta rubricas consequentibus.

Contrariis quibuslibet minime obstantibus.

Ex ædibus Dicasterii de Cultu Divino et Disciplina Sacramentorum, die 16 mensis iulii 2025, in memoria beatæ Mariæ Virginis de Monte Carmelo.

+ Victorius Franciscus Viola ofm

✠ Victorius Franciscus Viola, O.F.M.
*Archiepiscopus a Secretis*

+ Aurelius García Macías

✠ Aurelius García Macías
*Episcopus Subsecretarius*

# Conference of Catholic Bishops of India

CCBI General Secretariat, 9-10, Bhai Vir Singh Marg, New Delhi - 110 001, India
Mobile: +91 - 96861 10810, 96323 81810
Email: secretariat@ccbi.in | Website: www.ccbi.in

Ref: CCBI/CIR-77

September 20, 2025

To All Archbishops, Bishops, Priests, Deacons, Religious, Catechists and Lay Faithful
of the Latin Catholic Church in India

Dear Brothers and Sisters in Jesus Christ,

It gives me great joy to inform you that the Dicastery for Divine Worship and the Discipline of the Sacraments, having examined the petition made by the CCBI, has graciously confirmed Saint Lazarus Devasahayam as the Patron of the Laity in India, through a Decree, Prot. N. 215/25, dated 16 July 2025.

This joyful news will be solemnly announced on 15 October 2025, during the Eucharistic Celebration at St. Mary's Cathedral, Varanasi, where the CCBI Commission for Laity will be holding its Annual National Meeting with the Diocesan Secretaries and Regional Secretaries of Laity Commissions from across the Dioceses in our country.

I request all the Archbishops, Bishops, Parish Priests, Religious and Laity in the Dioceses and Parishes to signal this historical moment with fitting celebrations, to commemorate with due reverence the Patronage of St. Lazarus Devasahayam over the Laity in India.

May our devotion to Saint Lazarus Devasahayam lead the People of God in India to an ever greater love of God, practice of the faith and service in the Church and in society. In due time the CCBI Commission for Laity will provide you with more information and details regarding the celebrations on 15 October 2025.

Invoking God's abundant blessings on you and particularly on the Laity in India,

+ Filipe Neri Card. Ferrão

CONFERENCE OF CATHOLIC BISHOPS OF INDIA

Filipe Neri Cardinal Ferrão
President, Conference of Catholic Bishops of India
Archbishop of Goa and Daman

Encl. The Decree Prot. No. 215/25, VATICAN, 16 July 2025.

**PRESIDENT**
**H.E. Filipe Neri Cardinal Ferrão**
Archbishop of Goa and Daman
Archbishop's House, Altinho
Panaji - 403 001, Goa
Tel.: +91-832-2433600, 2433610
E-mail: archbpgoa@gmail.com

**VICE-PRESIDENT**
**Most Rev. Peter Machado**
Archbishop of Bangalore
Archbishop's House, Bangalore-560 046
Karnataka, India
Tel: +91-80-23330438, 9008556258
Email: vicepresident@ccbi.in

**SECRETARY GENERAL**
**Most Rev. Vincent Aind**
Archbishop of Ranchi
Archbishop's House, Ranchi - 834 001
Jharkhand, India
Mob: +91-9006437066
Email: ranchiarchdiocese@gmail.com

**DEPUTY SECRETARY GENERAL**
**Rev. Dr. Stephen Alathara**
CCBI General Secretariat
9-10, Bhai Vir Singh Marg
New Delhi-110 001, India
Mob: +91-9686110810, 9632381810
Email: secretariat@ccbi.in

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21